തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ മാനന്തവാടി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഇവയൊന്നും തന്നെ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. മാവേലിക്കര മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിലും നിലവിലെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല. എന്നാൽ സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

(15) സ്കൂൾ ബസ്സുകളിൽ പെയിന്റ് മാറ്റൽ

ശ്രീ. രാജു എബ്രഹാം: സർ, സ്കൂൾ ബസ്സുകൾക്ക് നിലവിൽ മഞ്ഞ പെയിന്റാണ്. അത് മാറ്റി ഗോൾഡൻ മഞ്ഞ പെയിന്റടിക്കണമെന്ന തീരുമാനത്തെ തുടർന്ന് പല സ്കൂളുകളും അതിനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: മുൻപ് 1972 വരെ തിരുവനന്തപുരം സിറ്റി ബസ്സുകളുടെ നിറം പച്ച നിറമായിരുന്നു.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങയോട് ഞാൻ യോജിക്കുന്നു. പക്ഷെ ഇത് ആൾ ഇന്ത്യ പാറ്റേൺ ആണ്. ഗവൺമെന്റ് സ്കൂളുകൾക്കും യു. പി. സ്കൂളുകൾക്കും ബസ്സിന്റെ കളർ മാറ്റാൻ കാശില്ല. ഒരു ബസിന്റെ കളർ മാറ്റാൻ ഇരുപതിനായിരം രൂപ വേണം. പഴയ ബസ്സിന്റെ കളർ വേണമെങ്കിൽ മാറ്റാം. എന്നാൽ പുതിയ ബസ് അഞ്ച് വർഷം കഴിഞ്ഞ് റീ-പെയിന്റ് ചെയ്താൽ മതി. ഓരോ സ്കൂളും ഇല്ലാത്ത പണം ഉണ്ടാക്കി പെയിന്റ് മാറ്റുകയാണ്. ഒരു വർഷത്തെ സമയം അങ്ങ് പറഞ്ഞു. എന്നാൽ ആൾ ഇന്ത്യ പാറ്റേൺ വരുമ്പോൾ നമ്മൾ ഇപ്പോൾ തന്നെ മഞ്ഞ നിറമാണ് ചെയ്തിരിക്കുന്നതെന്ന് അറിയിച്ചിരുന്നെങ്കിൽ സ്വാഭാവികമായി ഇളവ് കിട്ടുമായിരുന്നു. അതുണ്ടായില്ല. അതുകൊണ്ട് പെയിന്റ് മാറ്റുന്നതനുസരിച്ച് അഞ്ച് വർഷമെങ്കിൽ അഞ്ച് വർഷം എട്ട് വർഷമെങ്കിൽ എട്ട് വർഷം അതനുസരിച്ച് ഗോൾഡൻ മഞ്ഞ നിറത്തിലേക്ക് മാറ്റം കൊണ്ടു വന്നില്ലെങ്കിൽ പാവപ്പെട്ട സ്കൂളുകൾ ഗതികേടിലാകും. അക്കാര്യത്തിൽ അടിയന്തരമായ തീരുമാനം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് ആൾ ഇന്ത്യ ആക്ടിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റമാണ്. ആ മാറ്റത്തിനനുസൃതമായാണ് തീരുമാനമെടുത്തത്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നമ്മൾ തീരുമാനം ഇൻഫോം ചെയ്തത് മാർച്ച് മാസത്തിലാണ്. അപ്പോഴേയ്ക്കും ചില ആളുകൾ പഴയ പെയിന്റ് തന്നെ റീ പെയിന്റ് ചെയ്തിരുന്നു. പുതിയ പെയിന്റടിക്കണമെന്ന് പറയുമ്പോൾ ബുദ്ധിമുട്ട് വരുമെന്നതുകൊണ്ട് അടുത്ത ടെസ്റ്റിംഗിന് ചെല്ലുന്നതിന് മുമ്പ് ഈ ചെയ്ഞ്ച് വരുത്തിയാൽ മതിയെന്ന പറഞ്ഞു. കാരണം ആൾ ഇന്ത്യ പാറ്റേണിലേക്ക് നമ്മൾ വരികയാണ്. ഓരോ വ്യക്തിക്കും വ്യത്യസ്തമായ ടൈംമിങ്ങാണ് വരിക. അതുകൊണ്ട് അത് വരാതിരിക്കാൻ വേണ്ടി ടെസ്റ്റിംഗ് വരെ നിലവിലെ രീതി തുടരാൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുകയില്ല. ഏതെങ്കിലും പ്രത്യേക കാര്യം അങ്ങേക്ക് തോന്നുന്നുണ്ടെങ്കിൽ എഴുതി തന്നാൽ മതി. നിബന്ധനകൾക്ക് വിരുദ്ധമായി ആരെങ്കിലും ഇടപെടൽ നടത്തിയെങ്കിൽ അതിൽ ഗവൺമെന്റിനും ഇന്റർഫിയർ ചെയ്യാൻ കഴിയും.

(16) അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ മണ്ഡലത്തിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കഴൽമന്ദം മോഡൽ റെസിഡൻഷ്യൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഇതുവരെ ഒരുക്കിയിട്ടില്ല. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സ്കൂൾ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെയും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ല. സ്ഥിരം വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. താത്കാലിക വൈദ്യുതി കണക്ഷനാണ് ഉള്ളത്. ഹോസ്റ്റലിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചിട്ടില്ല. ഹോസ്റ്റൽ, മെസ്ഹാൾ, സ്കൂൾ എന്നിവിടങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. ഹോസ്റ്റലിൽ നിന്നും മെസ്ഹാളിലേക്കും സ്കൂളിലേക്കും പോകുന്നതിനുള്ള വഴി സൗകര്യമില്ല. സ്കൂൾ ഹോസ്റ്റൽ, മെസ് ഹാൾ, ക്ലാസ് റൂം, പഠന മുറി എന്നിവിടങ്ങളിൽ അത്യാവശ്യം വേണ്ട ഫർണിച്ചർ പോലുമില്ല. നിലത്തിരുന്നാണ് കുട്ടികൾ പഠിക്കുന്നതും ഭക്ഷണം കഴിക്കുന്നതും. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സയൻസ് ലാബ് എന്നിവ ഇതുവരെയും സജ്ജീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണം, ഡ്രെയിനേജ് സംവിധാനം എന്നിവയും